milma

കേരളകോ-ഓപ്പറേറ്റീവ്മിൽക്ക്മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്
കാലിത്തീറ്റ ഫാക്ടറി, പട്ടണക്കാട് പി ഓ, ആലപ്പുഴ - 688 531
ടെലിഫോൺ:0478- 2831144, Email: cfp@milma.com, Website: www.milma.com

സി.എഫ്.പി.റ്റി/പി&എ/218/ 120 12.05.2025

# ക്വട്ടേഷൻ നോട്ടീസ്

പട്ടണക്കാട് മിൽമ കാലിത്തീറ്റ ഫാക്ടറിയിലെ പ്ലാന്റും ഇതരസ്ഥലങ്ങളിലെയും ശുചീകരണപ്രവർത്തനങ്ങൾ കരാർ അടിസ്ഥാനത്തിൽ വ്യവസ്ഥകൾക്കനുസൃതമായി ഏറ്റെടുത്ത് ചെയ്യുന്നതിന് പരിചയമുള്ള സ്ഥാപനങ്ങൾ/വ്യകതികളിൽ നിന്നും സീൽ ചെയ്ത ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ക്വട്ടേഷനിൽ പങ്കെടുക്കാൻ താൽപര്യമുള്ള വ്യക്തികൾക്ക് ഫാക്ടറി പ്രവർത്തി ദിവസങ്ങളിൽ 10 മണി മുതൽ 4 മണി വരെ ഫാക്ടറി സന്ദർശിക്കാവുന്നതാണ്.

ക്വട്ടേഷൻ നിബന്ധനകൾക്കും, വ്യവസ്ഥകൾക്കും മിൽമയുടെ വെബ്സൈറ്റായ www.milma.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ക്വട്ടേഷൻ സമർപ്പിക്കാൻ താൽപര്യമുള്ളവർ നിരതദ്രവ്യമായി **5000/-രൂപ** ഡിഡി/എൻ.ഇ.എഫ്.റ്റി/ആർ.ടി.ജി.എസ്/കാഷ് മുഖേന അടക്കേണ്ടതാണ്.

**ജോലിയെ സംബന്ധിച്ച വിശദാംശങ്ങളും ജോലിയുടെ സ്വഭാവവും താഴെ നൽകുന്നു.**

| | |
|---|---|
| **ജോലി** | **:പ്ലാന്റിലെയും ഇതരസ്ഥലങ്ങളിലെയും ശുചീകരണപ്രവർത്തനങ്ങൾ** |
| **സ്ഥലം** | **: കാലത്തീറ്റ ഫാക്ടറി, പട്ടണക്കാട്, ചേർത്തല, ആലപ്പുഴ** |
| **കണക്കാക്കുന്ന തുക** | **:4.9 ലക്ഷം രൂപ** |
| **ക്വട്ടേഷനുകൾ സ്വീകരിക്കുന്നത്** | **: 22.05.2025 ഉച്ചകഴിഞ്ഞ് 3.00 മണി വരെ** |
| **ക്വട്ടേഷനുകൾ തുറക്കുന്നത്** | **: 22.05.2025 ഉച്ചകഴിഞ്ഞ് 3.30 മണിയ്ക്ക്** |
| **ബാങ്ക്** | **: KCMMF LTD Cattle Feed Plant, Pattanakkad Current Account No. 57042309686, State Bank of India, Pattanakkad Branch, IFSC – SBIN0070267** |
| **കരാർ കാലാവധി** | **: 1 വർഷം** |
| **വിലാസം** | **: കാലിത്തീറ്റ ഫാക്ടറി, പട്ടണക്കാട്, ചേർത്തല, ആലപ്പുഴ** |
| **ക്വട്ടേഷൻ തുറക്കുന്ന സ്ഥലം** | **: പട്ടണക്കാട്** |

ക്വട്ടേഷൻ ലഭിക്കുന്നതിൽ കാലതാമസം ഉണ്ടായാൽ അതിൽ കെ.സി.എം.എം.എഫ് ന് യാതൊരുവിധ ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

KCMMF LTD PATTANAKKAD 688 531 CATTLE FEED PLANT

**മാനേജർ**

# ശുചീകരണ പ്രവർത്തനങ്ങളുടെ സ്വഭാവം

1. **ദിനം പ്രതി ചെയ്യേണ്ട ജോലികൾ**

a) പ്പ്ലാന്റ് ബിൽഡിംഗിന്റെയും, പുതിയ ഗോഡൗണിന്റെയും, പഴയ ഗോഡൗണിന്റെയും നാലുവശത്തുമുള്ള റോഡുകളിലും (ബിൽഡിംഗിനും റോഡിനും ഇടയിൽ ഉള്ള ഭാഗവും റോഡിൽ നിന്നും 3 മീറ്റർ ചുറ്റളവിലുള്ള ഭാഗങ്ങൾ) മറ്റു സ്ഥലങ്ങളിലുള്ള എല്ലാ വിധ മാലിന്യങ്ങൾ, പൊടികൾ, ചെടികൾക്ക പുല്ല്, ഉണക്കയിലകൾ, മറ്റു ഖരപദാർത്ഥങ്ങൾ എന്നിവ ചൂലോ മറ്റു ക്ലീനിംങ്ങ് സാമഗ്രികളോ ഉപയോഗിച്ച് തൂത്തുവാരിയും വൃത്തിയാക്കുക. ഇങ്ങനെ വാരിയെടുക്കുന്ന മാലിന്യങ്ങൾ പ്ലാന്റിനു പുറത്ത് നിർദ്ദേശിക്കുന്ന സ്ഥലത്ത് നിക്ഷേപിക്കുകയോ നശിപ്പുക്കുകയോ ചെയ്യണം (ഈ ജോലികൾ ഉച്ച കഴിഞ്ഞ് 1 നും 4 നും ഇടയിൽ ചെയ്യേണ്ടതാണ്.)ഈ ക്വട്ടേഷനുമായി ബന്ധപ്പെട്ട ക്ലീനിംഗ് ജോലികൾ ചെയ്യുന്നതിന് കുറഞ്ഞത് 2(രണ്ട്) വ്യക്തികൾ എങ്കിലും ഉണ്ടായിരിക്കേണ്ടതാണ്.

b) പ്പ്ലാന്റിന്റെ ചുറ്റും കെട്ടിയിരിക്കുന്ന ഓടകളിലെയും ഗട്ടറുകളിലെയും പിറ്റുകളിലെയും അടിഞ്ഞു കൂടുന്ന മാലിന്യങ്ങൾ എല്ലാം തന്നെ കോരിമാറ്റുകയും, വെള്ളം കെട്ടി നില്ക്കുന്നവയിൽ തടസ്സങ്ങൾ മാറ്റുകയും ചെയ്യുക ഇങ്ങനെ വാരിയും കോരിയും എടുക്കുന്ന മാലിന്യങ്ങളും മറ്റു വസ്തുക്കളും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ നിർദ്ദേശിക്കുന്ന സ്ഥലത്ത് കൊണ്ടുപോയി ഇടുകയോ നശിപ്പിക്കുകയോ ചെയ്യുക. കൂടാതെ ടി ഓടകളിൽ നിന്നും മാലിന്യങ്ങൾ നീക്കം ചെയ്തശേഷം അവ എല്ലാം തന്നെ വെള്ളം ഉപയോഗിച്ച് കഴുകി ശുചിയാക്കേണ്ടതും ഓടകളിലൂടെ വെള്ളം സുഗമമായി ഒഴുകി പോകുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതുമാണ്. (ഈ ജോലികൾ എല്ലാം ദിവസവും ചെയ്യേണ്ടതാണ്).

c) പ്ലാന്റിലെ മുകൾ മുതൽ താഴെ വരെയുള്ള എല്ലാ ഫ്ളോറുകളും തറ, വശങ്ങൾ, കോണിപ്പടി, സീലിംഗ്, മെഷിനറികൾ മുതലായവ അടിച്ച് വൃത്തിയാക്കുക. തവിട്, പിണ്ണാക്ക് മുതലായവ വാരി ചാക്കിലാക്കി താഴത്തെ നിലയിലേക്ക് മാറ്റുക. ജനൽ വെന്റിലേറ്റർ തുടങ്ങിയ സ്ഥലങ്ങളിലെ പൊടി തുടച്ചു മാറ്റേണ്ടതും സിലിങ്ങിലേയും മറ്റും പൊടിയും മാറാലയും പൂർണ്ണമായും അടിച്ച് വൃത്തിയാക്കേണ്ടതുമാണ്.

d) മാഗ്നറ്റ് ക്ളീൻ ചെയ്ത് കിട്ടുന്ന മെറ്റീരിയൽ വാരി അതാതു ദിവസം തന്നെ താഴെ കൊണ്ടുവന്ന് സൂപ്പർവൈസർ നിർദ്ദേശിക്കുന്ന ഭാഗത്ത് വെയ്ക്കുക.

e) പഴയ പ്ലാന്റിന്റെ പെല്ലറ്റ് മിൽ ഫ്ളോർ വരെയുള്ള ഗോവേണിപ്പടികളും ചുമരുകളും കൈവരികളും വൃത്തിയാക്കുക.

f) പെല്ലറ്റ് കൂളർ ഭാഗങ്ങൾ, ഹാമർ മില്ലിന്റെ താഴ്ഭാഗം, ഫ്ളോർ മുതലായവ ക്ലീൻ ചെയ്ത് കിട്ടുന്ന പൊടി വാരി ചാക്കിൽ കെട്ടി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ നിർദ്ദേശിക്കുന്ന രീതിയിൽ പുതിയ പ്ലാന്റിൽ എത്തിച്ച് അടുക്കിവയ്ക്കേണ്ടതാണ്.

g) ബാഗിങ്ങ് സെക്ഷനിൽ തറയിൽ വീണു കിടക്കുന്ന പെല്ലറ്റ് വാരി ചാക്കിലാക്കി മാറ്റി സൂപ്പർ വൈസർ നിർദ്ദേശിക്കുന്ന സ്ഥാനത്ത് വെക്കുക.

h) ബാഗിങ്ങ് സെക്ഷൻ മുതൽ റോ മെറ്റീരിയൽ ഗോഡൗൺ തുടങ്ങുന്ന ഭാഗം വരെ അടിച്ചു വൃത്തിയാക്കുക.

i) ഫിനിഷ്ഡ് പ്രൊഡക്ട് ഗോഡൗൺ മുഴുവനായും അടിച്ച് വൃത്തിയാക്കുക. പെല്ലറ്റ് ലൂസ് കിടക്കുന്നത് വാരി ചാക്കിൽ കെട്ടി സൂപ്പർ വൈസർ നിർദ്ദേശിക്കുന്ന ഭാഗത്ത്വെക്കുക.

j) എഫ് പി ജി യിൽ ചുമരുകൾ, കൺവെയർ, തറ മുതലായ സ്ഥലങ്ങളിലെ പൊടിയും മാറാലയുംഅടിച്ച് വൃത്തിയാക്കുക.

k) ഫിനിഷ് ഫീഡ് ലോഡിങ്ങ് പ്ലാറ്റ് ഫോം അടിച്ച് വൃത്തിയാക്കുക.

l) ഫിനിഷ് ഗോഡൗണിലും, ബാഗിങ്ങ് സെക്ഷനിലും, പി പി ബാഗ് റൂമിലും മറ്റും കാണുന്ന പി പി ബാഗ് കെട്ടി വരുന്ന പ്ലാസ്റ്റിക്ക് കയറുകൾ, മറ്റ് പാഴ് വസ്തുക്കൾ അതാത് ദിവസം തന്നെ ശേഖരിച്ച് ബന്ധപെട്ട ഉദ്യോഗസ്ഥൻ നിർദ്ദേശിക്കുന്ന രീതിയിൽ പുറത്ത് കൊണ്ടുപോയി നശിപ്പിക്കേണ്ടതുമാണ്.

2. **<u>ആഴ്ച്ചയിൽ ഒരിക്കൽ ചെയ്യേണ്ട ജോലികൾ</u>**

a. മേൽപ്പറഞ്ഞിരിക്കുന്ന കെട്ടിടങ്ങളുടെ ഭിത്തികളുടെ ഉൾവശത്തും പുറത്തും, ജനാല കൾ, വെന്റിലേറ്ററുകൾ, വാതിലുകൾ, തൂണുകൾ, സീലിംങ്ങുകൾ, കർട്ടണുകൾ എന്നി വിടങ്ങളിൽ പറ്റിപ്പിടിച്ചിരിക്കുന്ന പൊടികളും മറ്റു മാലിന്യങ്ങളും നിശ്ശേഷം തൂത്തും തുടച്ചും വൃത്തിയാക്കുക.

b. തറയിൽ നിന്നും പ്ലാറ്റ് ഫോമുകളിൽ നിന്നും നേരിട്ട് കെയ്യെത്തി തുടക്കാവുന്ന എല്ലാ ജനാല ഗ്ലാസുകളും ഡോർ ഗ്ലാസുകളും പൂർണ്ണമായി തുടച്ചു വൃത്തിയാക്കുക

c. കെട്ടിടങ്ങളുടെ മേൽക്കൂരകളിലും, ഭിത്തികളിലും, ഷെയ്ഡുകളിലും ഗട്ടറുകൾ, പാത്തികൾ എന്നിവയിലും മറ്റിതര ഭാഗങ്ങളിലും കാണപ്പെടുന്ന മലിനവസ്തുക്കൾ അടിഞ്ഞുക്കൂടിയ മാലിന്യങ്ങൾ അവിടവിടെ വളർന്നു വരുന്ന സസ്യാദികൾ, ചെടി കൾ എന്നിവ പൂർണ്ണമായി നീക്കം ചെയ്യുകയോ നശിപ്പിച്ചു കളയുകയോ ചെയ്യുക.

d. പ്ലാന്റിന്റെ നാലുവശത്തുള്ള റോഡിന്റെ ഇരുവശങ്ങളിലും, മതിലിന്റെ അരികിലും മറ്റും വളർന്നു വരുന്ന എല്ലാവിധ പാഴ്ചെടികളും സസ്യങ്ങളും, പുല്ലുകളും വേരോടെ പറിച്ചോ, ചെത്തിമാറ്റിയോ വൃത്തിയാക്കുക. അഡ്മിനിസ്ട്രേറ്റീവ് ബിൽഡിം ഗിന്റെയും ക്യാന്റീൻ, റസ്റ്റ് റൂം പരിസരത്തു ഭിത്തിയോട് ചേർന്ന് പിറക് വശത്ത് 5 മീറ്റർ അകലത്തിൽ എല്ലാ പാഴ്ചെടികളും, പുല്ലും പൂർണ്ണമായി പറിച്ചു കളഞ്ഞോ ചെത്തി മാറ്റിയോ വൃത്തിയാക്കുക. (ഈ ജോലികൾ എല്ലാ തന്നെ എല്ലാ മാസത്തിലെ യും അവസാന ആഴ്ച്ച ചെയ്യേണ്ടതാണ്.)

e. പ്ലാന്റും പരിസരവും വൃത്തിയായും ഭംഗിയായും കിടക്കുന്നതിന് അധികമായി വരുന്ന മറ്റു ജോലികൾ, മേൽ വിവരണത്തിൽ പ്രകടമായി പറഞ്ഞിട്ടില്ലാത്തവ (ശുചീ കരണ ജോലികൾ) കൂടി കരാറിന്റെ പരിധിയിൽ വരുന്നതാണ്.

**പ്ലാന്റിലെ മുകൾ മുതൽ താഴെ വരെയുളള എല്ലാ ഫ്ളോറുകളും വൃത്തിയാക്കുന്ന പ്രവർത്തി യുടെ സ്വഭാവം**

1. പ്ലാന്റിലെ മുകൾ മുതൽ താഴെ വരെയുളള എല്ലാ ഫ്ളോറുകളും , തറ, സീലിംഗ്, വശ ങ്ങൾ, മെഷീനറികൾ, കോണിപ്പടികൾ, കൈപ്പടികൾ എന്നിവയുൾപ്പടെയുള്ള ഭാഗത്തെ പൊടിയും മാറാലയും അടിച്ച് വൃത്തിയാക്കുക.

2. താഴെ വീണുകിടക്കുന്ന മെറ്റീരിയൽസിൽ നിന്നും കാലിത്തീറ്റ പദാർത്ഥങ്ങളും, ഇരുമ്പ്, മറ്റിതരവസ്തുക്കളും, പ്രത്യേകമായി ശേഖരിച്ച് ആയവ പ്ലാന്റ് എഞ്ചിനീയർ നിർദ്ദേശിക്കുന്ന സ്ഥലത്തേക്ക് മാറ്റുക.
3. പെല്ലറ്റ് കൂളർ ,ബാഗിംഗ് സെക്ഷൻ എന്നിവിടങ്ങളിലെ ഫ്ളോറുകൾ ആർ എം ജി യിലേക്ക് പ്രവേശിക്കുന്നതു വരെയുള്ള ഭാഗങ്ങൾ വൃത്തിയാക്കുക.
4. ഫിനിഷ്ഡ് പ്രോഡക്ട് ഗോഡൗണുകൾ തറ, സീലിംഗ്, ചുമരുകൾ എന്നിവയുൾപ്പടെവൃത്തിയാക്കുക.
5. പെല്ലറ്റ് മില്ലിന്റെയും, ഹാമർ മില്ലിന്റെയും പരിസരത്തുള്ള പൊടി വാരി വൃത്തിയാക്കുക.

മുകളിൽ പറഞ്ഞിട്ടുള്ള ജോലികളിൽ ഏതെങ്കിലും ജോലി സമയ ബന്ധിതമായി പൂർത്തീകരിക്കാതിരിക്കുകയോ/ചെയ്യാതിരിക്കുകയോ ചെയ്താൽ പ്രസ്തുത ജോലിക്കായി നീക്കി വെച്ച തുക ആ മാസത്തെ ബിൽ തുകയിൽ നിന്നും കുറവ് ചെയ്യുന്നതായിരിക്കും.

**ജോലിയുടെ സ്വഭാവം**

1. പ്ലാന്റ് ബിൽഡിംഗിന്റെയും, ഗോഡൗണുകളുടെയും, ഓഫീസുകളുടേയും നാലുവശത്തുമുള്ള റോഡുകൾ, ഗട്ടറുകൾ, പിറ്റുകൾ, ഓടകൾ, കെട്ടിടങ്ങൾ, മേൽക്കൂരകൾ തുടങ്ങിയവ വൃത്തിയാക്കുന്നതിന്
2. ഗോഡൗണുകളുടേയും, എല്ലാ കെട്ടിടത്തിന്റേയും ഭിത്തിമുതൽ, മതിലിന്റെ അരികുവരെയുള്ള സ്ഥലങ്ങളിലെ പാഴ്ചെടികൾ, പുല്ലുകൾ തുടങ്ങിയവ വെട്ടിമാറ്റുകയോ ,വേരോടെ പറിച്ചുകളയുകയോ ചെയ്യുന്നതിന്.
3. പ്ലാന്റിലെ മുകൾ മുതൽ താഴെ വരെയുള്ള എല്ലാ ഫ്ളോറുകളും, പ്രൊഡക്ഷൻ ഫ്ളോർ, ഹാമർ മിൽ പെല്ലറ്റ് കൂളർ , ബാഗിംഗ് സെക്ഷൻ, എഫ് പി ജി എന്നിവടങ്ങളിലെ സീലിംഗ്, വശങ്ങൾ, മെഷിനറികൾ, തറകൾ ഉൾപ്പടെ വൃത്തിയാക്കുന്നതിന്.

മേൽ പറഞ്ഞിരിക്കുന്ന 1 മുതൽ 3 വരെയുള്ള ജോലികൾ ഏതെങ്കിലും ഒരു ജോലിയോ ഒന്നിലധികം ജോലികളോ ക്വട്ടേഷൻ ഉറപ്പിക്കുന്ന സമയത്തോ, കരാർ കാലാവധി തീരുന്ന ദിനങ്ങളിലോ ഒഴിവാക്കുവാനുള്ള അധികാരം മാനേജരിൽ നിക്ഷിപ്തമായിരിക്കും.യാതൊരു മുന്നറിയിപ്പും കൂടാതെ തന്നെ കരാർ പൂർണമായോ ഭാഗികമായോ റദ്ദ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം മാനേജരിൽ നിഷിപ്തമാണ്.ഏറ്റവും കുറഞ്ഞ തുക നൽകുന്ന ആൾക്കായിരിക്കും ക്വട്ടേഷൻ ഉറപ്പിക്കുക.പരീക്ഷണ അടിസ്ഥാനത്തിൽ ആദ്യത്തെ മൂന്ന് മാസത്തേക്ക് ആയിരിക്കും കരാർ ഉറപ്പിക്കുക. അത് കഴിഞ്ഞ് ജോലി തൃപ്തികരമാണെങ്കിൽ മാത്രമേ കരാർ നീട്ടി നൽകുകയുള്ളു. കരാർ തുകയിൽ നിന്ന് ESI, PF തുടങ്ങിയ നിയമാനുസൃതമായ തുകകൾ ഇളവ് ചെയ്യുന്നതാണ്. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയാൽ ഇങ്ങനെ ഇളവ് ചെയ്യുന്ന തുക തിരിച്ച് നൽകുന്നതാണ്.

KCMMF LTD
PATTANAKKAD
688 531
CATTLE FEED PLANT

**മാനേജർ**

# ക്വട്ടേഷൻ

(1) ക്വട്ടേഷൻ നൽകുന്ന ആളിന്റെ പേരും,
മേൽ വിലാസവും(കുടുംബശ്രീ പോലുള്ള
ഏതെങ്കിലുംഏജൻസിയാണെങ്കിൽ
അവരുടെ ഫോൺ നമ്പർ ഉൾപ്പെടെയുള്ള
പൂർണ്ണ മേൽ വിലാസം)

(2) ഏജൻസിയുടെ രജിസ്ട്രേഷൻ
സംബന്ധിച്ച വിവരങ്ങൾ

(3) നിരദ്രവ്യം അടച്ചത് സംബന്ധിച്ച
വിവരങ്ങൾ

(4) ഇ എസ് ഐ / പി എഫ് രജിസ്
ട്രേഷൻ നിലവിൽ ഉണ്ടെങ്കിൽ
അത് സംബന്ധിച്ചവിവരങ്ങൾ

| നമ്പർ | സ്വഭാവം | ക്വട്ടേഷൻ ചെയ്യുന്ന തുക |
|---|---|---|
| 1 | പ്ലാന്റ് ബിൽഡിംഗിന്റെയും,ഗോഡൗണുകളുടെയും, ഓഫീസുകളുടേയും നാലുവശത്തുമുള്ള റോഡുകൾ, ഗട്ടറുകൾ, പിറ്റുകൾ, ഓടകൾ, കെട്ടിടങ്ങൾ, മേൽക്കൂരകൾ തുടങ്ങിയവ വൃത്തിയാക്കുന്നതിന് | |
| 2 | ഗോഡൗണുകളുടേയും, എല്ലാ കെട്ടിടത്തിന്റേയും ഭിത്തിമുതൽ, മതിലിന്റെ അരികുവരെയുള്ള സ്ഥലങ്ങളിലെ പാഴ്ചെടികൾ, പുല്ലുകൾ തുടങ്ങിയവ വെട്ടിമാറ്റുകയോ, വേരോടെ പറിച്ചുകളയുകയോ ചെയ്യുന്നതിന്. | |
| 3 | പ്ലാന്റിലെ മുകൾ മുതൽ താഴെ വരെയുള്ള എല്ലാ ഫ്ളോറുകളും, പ്രൊഡക്ഷൻ ഫ്ളോർ, ഹാമർ മിൽ പെല്ലറ്റ് കൂളർ , ബാഗിംഗ് സെക്ഷൻ, എഫ് പി ജി എന്നിവടങ്ങളിലെ സീലിംഗ്, വശങ്ങൾ, മെഷിനറികൾ, തറകൾ ഉൾപ്പടെ വൃത്തിയാക്കുന്നതിന്. | |

ഞാൻ മുകളിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ ജോലികളും ഒരു മാസം കമ്പനി ഉദ്യോഗസ്ഥൻ നിർദ്ദേശിക്കുന്നരീതിയിൽ കമ്പനിയിലെ നിയമ വ്യവസ്ഥകൾക്ക് വിധേയമായി ആകെ ….. ………………രൂപയ്ക്ക് ചെയ്യാൻ തയ്യാറാണ്.

ക്വട്ടേഷൻ സമർപ്പിക്കുന്നആളിന്റെ പേര്:

ഒപ്പ് :

സ്ഥലം:

തീയതി